**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1987** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ ഇ-ഓഫീസിന്റെ പുതിയ വേർഷൻ ഇതിനൊടകം നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ വിവിധ ഡയറക്ടറേറ്റുകളിൽ ഇ-ഓഫീസിന്റെ പുതിയ വേർഷൻ നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നേരത്തേ ഫയലിന്റെ നമ്പർ, ഫയൽ സ്റ്റാറ്റസ്, ഫയൽ ഡീറ്റെയിൽസ്, ഫയൽ മൂവ്മെന്റ്, ഹിസ്റ്ററി എന്നിവയെല്ലാം ലഭിക്കുമായിരുന്നുവെങ്കിലും കഴിഞ്ഞ ജനുവരി മാസത്തിലെ അപ്ഡേഷനു ശേഷം പ്രസ്തുത വിവരങ്ങൾ ഇ-ഓഫീസ് സംവിധാനത്തിൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും പരിഷ്കരിക്കേണ്ടി വന്ന സാഹചര്യത്തിൽ സിറ്റിസൺ പോർട്ടൽ നവീകരണസമയത്ത് പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെട്ടിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററു (NIC) മായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (സി) | നേരത്തേ ലഭിച്ചു കൊണ്ടിരുന്ന വിവരങ്ങൾ തുടർന്നും ലഭിക്കുന്ന തരത്തിൽ ഈ- ഓഫീസ് സംവിധാനം മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും പരിഷ്കരിക്കേണ്ടി വന്ന സാഹചര്യത്തിൽ സിറ്റിസൺ പോർട്ടൽ നവീകരണസമയത്ത് പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെട്ടിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററു (NIC) മായി ചേർന്ന് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ